**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3009** **25-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ ഡീസാലിനേഷൻ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മുനമ്പം പുലിമുട്ടിനടുത്ത് Mechanical vapour compression ( MVC) Technology ഉപയോഗിച്ചിട്ടുള്ള 10 Mldശേഷിയുള്ള ഉപ്പുവെള്ള ശുദ്ധീകരണശാല (Desalination Plant) സ്ഥാപിക്കുന്നതിനുള്ള 215 കോടി രൂപയുടെ എഞ്ചിനീയറിങ്ങ് റിപ്പോർട്ട് ചെന്നൈയിലുള്ള National Institute of Ocean Technology (NIOT) മുഖാന്തിരം തയാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സർവ്വേ സ്കെച്ചും മറ്റു രേഖകളും റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമാകുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് കത്തു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്ന റീസർവ്വെ സ്കെച്ചും ഗ്രൂപ്പ് സ്കെച്ചും പെർമിറ്റ് സാംഗ്ഷനും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂരേഖ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) | ലഭ്യമായിട്ടില്ല, പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുവാൻ ആവശ്യമായ ഭൂമിയുടെ റീസർവേ സ്കെച്ച്, ഗ്രൂപ്പ് സ്കെച്ച്, പെർമിറ്റ് സാങ്ഷൻ എന്നിവ ലഭ്യമാക്കുന്നതിലേക്കായി 15.03.2023, 25.05.2023, 12.01.2024 എന്നീ തീയതികളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി-18-ന്റെ കാര്യാലയത്തിൽ നിന്നും എറണാകുളം ജില്ലാ കലക്ടർക്ക് കത്ത് നല്കിയിട്ടുള്ളതും തുടർന്ന് ജില്ല കളക്ടറുടെ കാര്യാലയത്തിൽ നിന്നും തഹസിൽദാർ (ഭൂരേഖ), പറവൂറിന് റിപ്പോർട്ടിനായി നൽകിയിട്ടുള്ളതും, ആയത് റവന്യൂ വിഭാഗത്തിന്റെ പരിഗണനയിലുമാണ് . |
| (സി) | പ്രസ്തുത പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഉപ്പുവെള്ളം ശുദ്ധീകരണശാലയുടെ (Desalination Plant) ഭരണാനുമതി നൽകുന്നതിലേക്കായി റവന്യൂ വകുപ്പിൽ നിന്നും പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ